LIBRARY ARCHIVES Kerala Legislative Assembly

കരിങ്കായിൽ ഒഴിച്ചവരുടെ പേരിലുള്ള കേസ്

181 (186) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012 ഫെബ്രുവരിയിൽ ഹയർ സെക്കന്ററി ഡയറക്ടറായിരുന്ന ശ്രീ. കേശവേന്ദ്രകുമാറിന് മേൽ കരിങ്കായിൽ ഒഴിച്ചവരുടെ പേരിലുള്ള കേസ് പിൻവലിക്കുന്നതിനുവേണ്ടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) സംഭവവുമായി ബന്ധപ്പെട്ട് എത്ര ലക്ഷം രൂപയുടെ പൊതുമുതൽ നശിപ്പിച്ചു എന്നായിരുന്നു കേസ്;

(സി) കേസ് പിൻവലിക്കാനുള്ള അപേക്ഷ കോടതിയിൽ സമർപ്പിച്ചത് എന്നായിരുന്നു;

(ഡി) പ്രസ്തുത കേസിൽ കോടതിയിൽ സമർപ്പിച്ചിരുന്ന കുറ്റപത്രത്തിന്റെയും കേസ് പിൻവലിക്കേണ്ടത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെയും പകർപ്പുകൾ സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ ;

(ഇ) ശ്രീ. കേശവേന്ദ്രകുമാർ ഐ.എ.എസ്. ഇക്കാര്യത്തിൽ മുഖ്യമന്ത്രിയ്ക്ക് നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. എന്നാൽ 14-1-2015-ന് ടി ഉത്തരവ് സർക്കാർ റദ്ദാക്കിയിട്ടുണ്ട്.

(ബി) 5,05,000 രൂപ (അഞ്ച് ലക്ഷത്തി അയ്യായിരം രൂപ)

(സി) 15-5-2014-ന്.

(ഡി) പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ഇ) പരാതി ലഭിച്ചിട്ടില്ല.

രാഷ്ട്രീയ കൊലപാതകങ്ങൾ

182 (187) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കൊലപാതകങ്ങളിൽ, കൊല്ലപ്പെട്ടവരും കൊലപാതകികളും ആരെല്ലാമാണെന്ന തരംതിരിച്ചു വിശദമാക്കാമോ ;

(സി) ഓരോ കൊലപാതകത്തിലും ഏതെല്ലാം വകുപ്പ് ഉപയോഗിച്ചാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;ഓരോ കേസ്സും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും, കേസ്സിലെ പ്രതികൾ ആരൊക്കെയാണെന്നും, ഇവരുടെ രാഷ്ട്രീയ ബന്ധവും വിശദമാക്കാമോ ;

(ഡി) ഓരോ കേസ്സിലും ഏതൊക്കെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട് എന്നും, ഇനി ആരെയൊക്കെ അറസ്റ്റ് ചെയ്യാൻ ബാക്കി ഉണ്ട് എന്നും തരംതിരിച്ചു വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് നാളിതുവരെ ആകെ 24 രാഷ്ട്രീയ കൊലപാതകങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി-ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

രാഷ്ട്രീയ പ്രവർത്തകർക്കെതിരായ കേസുകൾ

183 (188) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി.പി.ഐ(എം)ന്റെ പ്രവർത്തകർക്കെതിരായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോൺഗ്രസ്സിന്റെ പ്രവർത്തകരുടെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇതിൽ എത്ര കേസുകൾ ഈ സർക്കാർ പിൻവലിച്ചിട്ടുണ്ട് ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി.പി.ഐ.(എം)-ന്റെ പ്രവർത്തകർക്കെതിരായി 3344 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോൺഗ്രസ്സിന്റെ പ്രവർത്തകരുടെ പേരിൽ 538 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇതിൽ 35 കേസുകൾ പിവലിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly